# മഹാത്മാഗാന്ധി സർവ്വകലാശാല

പ്രിയദർശിനി ഹിൽസ് പി. ഒ., കോട്ടയം - 686 560

(കേരള നിയമസഭയുടെ 17-04-1985 ലെ നം: 3431/ലെ ജി.സി. 1/85/നിയമവിഭാഗം വിജ്ഞാപനമനുസരിച്ച് സ്ഥാപിക്കപ്പെട്ടത്)

"ഭരണഭാഷ-മാതൃഭാഷ"


AcAX/3/Ph.D/General/2016 23/12/2016

പ്രേഷിതൻ,

രജിസ്ട്രാർ
മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

സ്വീകർത്താവ്,

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ
എല്ലാ ഗവേഷണ കേന്ദ്രങ്ങളിലേയും
മേധാവിമാർ

വിഷയം:- 104-ാമത് ഇൻഡ്യൻ സയൻസ് കോൺഗ്രസ്സ്- പ്രശസ്തരായ ഗവേഷണ വിദ്യാർത്ഥികളുടെ പട്ടിക സമർപ്പിക്കുന്നത് സംബന്ധിച്ച്:

സൂചന:- കേരള സ്റ്റേറ്റ് ഹയർ എജ്യൂക്കേഷൻ കൗൺസിലിൽ നിന്നും ലഭിച്ച അറിയിപ്പ്.

ആന്ധ്രപ്രദേശ് ഹയർ എജ്യൂക്കേഷൻ കൗൺസിൽ സെക്രട്ടറി, കേരള സ്റ്റേറ്റ് ഹയർ എജ്യൂക്കേഷൻ കൗൺസിലിലേക്ക് അയച്ച സന്ദേശപ്രകാരം 104-ാമത് ഇൻഡ്യൻ സയൻസ് കോൺഗ്രസ്സ് 'സയൻസ് ആൻറ് ടെക്നോളജി ഫോർ നാഷണൽ ഡവലപ്മെൻറ്' എന്ന വിഷയത്തിൽ 2017 ജനുവരി 7 മുതൽ 10 വരെ തിരുപ്പതി ശ്രീ വെങ്കിടേശ്വര സർവ്വകലാശാലയിൽ നടത്തുന്നതായും നോബൽ ജേതാക്കൾ ഉൾപ്പെടെയുള്ളവർ ഇതിൽ പങ്കെടുക്കുന്നതായും അറിയിച്ചിരിക്കുന്നു. ബഹു:പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി ചടങ്ങ് ഉദ്ഘാടനം ചെയ്യും. മേൽപറഞ്ഞ സയൻസ് കോൺഗ്രസിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്ന 20 ഗവേഷണ വിദ്യാർത്ഥികളുടെ ഒരു പട്ടിക നൽകാനും ആവശ്യപ്പെട്ടിട്ടുണ്ട്. ഗവേഷണ വിദ്യാർത്ഥികൾ തങ്ങളുടെ ഗവേഷണമേഖലയിൽ പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ളവരും ഗവേഷണവുമായി ബന്ധപ്പെട്ട പേപ്പറുകൾ റഫറീഡ് ജേർണ്ണലുകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവരുമായിരിക്കണം. പങ്കെടുക്കുന്ന ഗവേഷക വിദ്യാർത്ഥികൾക്ക് താമസസൗകര്യവും ഭക്ഷണവും വെങ്കിടേശ്വര സർവ്വകലാശാലയിൽ ലഭിക്കുന്നതായിരിക്കും. എന്നിരുന്നാലും യാത്രപ്പടിയോ മറ്റാനുകൂല്യങ്ങളോ ലഭിക്കുകയില്ലാത്തതും യാത്രചിലവുകൾ ഗവേഷക വിദ്യാർത്ഥികൾ തന്നെ വഹിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ സയൻസ് കോൺഗ്രസ്സിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന ഗവേഷക വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ ആയതിന്റെ പട്ടിക സയൻസ് റിസർച്ച് ഗൈഡുകളോട് ആവശ്യപ്പെടുകയും അപ്രകാരം ലഭിക്കുന്ന വിദ്യാർത്ഥികളുടെ പേരു വിവരങ്ങൾ 2016 ഡിസംബർ 24 നു രാവിലെ 11 മണിക്ക് മുമ്പായി mgursacax@gmail.com ലേക്ക് അയച്ചു തരണമെന്ന് അഭ്യാർഥിക്കുന്നു.

സയൻസ് കോൺഗ്രസ്സിന്റെ കാര്യ പരിപാടികൾ ഇതോടൊപ്പം അറ്റാച്ച് ചെയ്തിട്ടുണ്ട്.

വിശ്വസ്തതയോടെ

(ഒപ്പ്)

രജിസ്ട്രാർ